പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 245

20.06.2013-ൽ മറുപടി നൽകേണ്ടത്

# ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>,, കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) ആരംഭിച്ചിട്ടുണ്ട്. |
| (ബി) കൈവശ ഭൂമി സംബന്ധിച്ച് പ്രസ്തുത കമ്പനി വ്യാജരേഖകൾ ഹാജരാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എന്തെങ്കിലുമെടുത്തിട്ടുണ്ടോ ; | (ബി) ഹാരിസൺ മലയാളം കമ്പനി കൈവശം വയ്ക്കുന്ന ഭൂമിയും കൈമാറ്റം ചെയ്ത ഭൂമിയും സംബന്ധിച്ച രേഖകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഭൂമി കൂടാതെ വന ഭൂമിയും വ്യാജ രേഖ ചമച്ച് ബാങ്കുകൾക്ക് പണയപ്പെടുത്തി ഭീമമായ തുക നേടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) വനഭൂമി വ്യാജരേഖ ചമച്ച് ബാങ്കുകൾക്ക് പണയപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ